# ന്യൂനപക്ഷ സംരക്ഷണം: ഇറാനിയൻ മാതൃക

**ഇസ്രയേൽ** അതിന്റെ ഏറ്റവും വലിയ ശത്രുവായി കാണുന്നത് ആരെ? ഇറാഖ് ആസൂത്രിതമായി തകർക്കപ്പെട്ട ശേഷം, ഈ ചോദ്യത്തിന് രണ്ട് ഉത്തരങ്ങൾ ഉണ്ടാവാൻ വഴിയില്ല. ഇറാൻ എന്ന ഒറ്റ ഉത്തരമേ ലഭിക്കൂ. പക്ഷേ, മധ്യപൗരസ്ത്യ ദേശത്ത് ഇസ്രയേൽ കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ ജൂതന്മാർ താമസിക്കുന്ന രാഷ്ട്രം ഇറാനാണെന്ന് എത്ര പേർക്കറിയാം. ഇസ്‌ലാമിക വിപ്ലവാനന്തരവും അതിന് മാറ്റമുണ്ടായിട്ടില്ല. ഇറാനിൽ മൊത്തം കാൽലക്ഷം ജൂതന്മാരുണ്ട്. ജൂത ആരാധനാലയങ്ങളായ സിനഗോഗുകൾ മിക്കയിടങ്ങളിലും തലയുയർത്തി നിൽക്കുന്നത് കാണാം. "ഇമാം ഖുമൈനി ജൂതന്മാരെ ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്തു. അദ്ദേഹം ജൂതന്മാരെയും സയണിസ്റ്റുകളെയും വെവ്വേറെ കണ്ടു. അത് ഞങ്ങൾക്ക് തുണയായി"-ഇറാനിയൻ ജൂതസമൂഹത്തിന്റെ നേതാക്കളിലൊരാളായ ഉനീസ് ഹമാമി പറഞ്ഞു.

മിക്ക ഇറാനി ജൂതന്മാർക്കും തോറയുടെ ഭാഷയായ ഹീബ്രു അറിയില്ല. പാർസിയാണ് അവർ സംസാരിക്കുന്നത്. മൂവായിരം കൊല്ലമെങ്കിലുമായി അവർ ഇവിടെ പാർപ്പുറപ്പിച്ചിട്ട്. സൈറസ് രാജാവ് ബാബിലോണിയയിൽനിന്ന് മോചിപ്പിച്ച അടിമകളുടെ പിൻമുറക്കാരാണ് ഇവരെന്ന് കരുതപ്പെടുന്നു.

ഇറാനിലെ ജൂതസമൂഹത്തിന്റെ സ്വൈരജീവിതം തകർക്കാനും അതിൽ പിടിച്ച് ഇറാനിയൻ ഭരണകൂടത്തെ കയറി അടിക്കാനും നിരവധി ശ്രമങ്ങളുണ്ടായിട്ടുണ്ട്. ലബ്നാനിൽ ഹിസ്ബുല്ല-ഇസ്രയേൽ യുദ്ധം നടക്കുമ്പോൾ *യേൽസരത്ത്* എന്ന തീവ്ര സയണിസ്റ്റ് വാരിക രണ്ട് ചിത്രങ്ങൾ പ്രസിദ്ധീകരിച്ചു. സിനഗോഗുകൾക്ക് മുമ്പിൽ ഇസ്രയേലീ പതാക വീശി ഒരുപറ്റമാളുകൾ ഇസ്രയേലിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ചിത്രങ്ങൾ. ഇറാനിയൻ നഗരങ്ങളായ യൂസുഫാബാദിലെയും ശീറാസിലെയും സിനഗോഗുകളാണിതെന്ന് അടിക്കുറിപ്പും ചേർത്തിരുന്നു. ഇത് സംഘർഷത്തിന് വഴിയൊരുക്കി. തക്കസമയത്തുതന്നെ ഇറാനിയൻ സുരക്ഷാവിഭാഗം ഇടപെട്ടു. സിനഗോഗുകളുടെ ചിത്രങ്ങൾ ഇറാനിലുള്ളവയല്ലെന്നും വാരിക മനഃപൂർവം തെറ്റിദ്ധാരണ പരത്തുകയാണെന്നും അവർ വിശദീകരിച്ചു.

അതേസമയം പ്രസിഡന്റ് അഹ്മദീ നിജാദിന്റെ ഹോളോകാസ്റ്റ്‌വിരുദ്ധ നീക്കങ്ങളിൽ അവിടത്തെ ജൂതസമൂഹം അ



അഹ്മദീ നിജാദ്
ഒരു ജൂത പുരോഹിതനോടൊപ്പം

സ്വസ്ഥരുമാണ്. അത് ജൂതവിരുദ്ധ വികാരമായി വളരുമോ എന്നവർ ഭയക്കുന്നു. വിവിധ നാടുകളിലെ ജൂതസമൂഹങ്ങൾ നൽകുന്ന സംഭാവനകൾ കൊണ്ട് മുന്നോട്ട് പോകുന്ന ലോകത്തെ നാല് ജൂത ധർമാശുപത്രികളിൽ ഒന്ന് ഇറാനിലാണ്. ഈ ആശുപത്രിക്ക് ഈയിടെ നിജാദ് ഫണ്ട് അനുവദിച്ചത് അവർക്ക് ആശ്വാസം പകരുന്നുണ്ട്.

ഇസ്രയേൽ നിലവിൽ വന്നപ്പോൾ മറ്റു നാടുകളിൽനിന്നെന്ന പോലെ ഇറാനിൽനിന്നും ജൂതന്മാർ ഇസ്രയേലിലേക്ക് കുടിയേറിയിരുന്നു. തൊള്ളായിരത്തി അമ്പതുകളിലും വിപ്ലവത്തിന് തൊട്ടു ശേഷവുമാണ് വലിയ കുടിയേറ്റം നടന്നത്. ഇപ്പോൾ കുടിയേറ്റം നിലച്ച മട്ടാണ്. യൂറോപ്പിൽ തങ്ങൾക്കുണ്ടായതു പോലുള്ള ദുരനുഭവങ്ങൾ വളരെ പ്രതിസന്ധി നിറഞ്ഞ ഘട്ടങ്ങളിൽ പോലും ഇറാനിൽ നിന്ന് അനുഭവിക്കേണ്ടിവന്നിട്ടില്ല എന്നാണ് ഇറാനിലെ ജൂത ധർമാശുപത്രിയുടെ തലവൻ ശിമാഖ് മൊർസത്തേഗ് പറയുന്നത്. "സെമിറ്റിക്‌വിരുദ്ധത ഒരു പൗരസ്ത്യ പ്രവണതയല്ല. അതിന് ഇസ്‌ലാമികമോ ഇറാനിയനോ ആയ വേരുകളില്ല. അത് തീർത്തും ഒരു യൂറോപ്യൻ നിർമിതിയാണ്"- അദ്ദേഹം ചൂണ്ടിക്കാട്ടി.

ബി.ബി.സി ന്യൂസിന്റെ തെഹ്റാൻ പ്രതിനിധി ഫ്രാൻസിസ് ഹരിസൺ തയാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തമാണ് മുകളിൽ ചേർത്തത്. ■

# സോമാലിയയിൽ അമേരിക്ക അടവ് മാറ്റുന്നു

**സോമാലിയയിൽ** അമേരിക്കൻ സൈനിക സഹായത്തോടെ അധികാരത്തിൽനിന്ന് പുറത്താക്കപ്പെട്ട ഇസ്‌ലാമിക സഖ്യമായ ഇസ്‌ലാമിക് കോർട്സ് തിരിച്ചുവരവിന്റെ പാതയിലാണെന്ന് ഈ കോളത്തിൽ എഴുതിയിരുന്നു. ഇസ്‌ലാമിക് കോർട്സ് സോമാലിയയുടെ മൂന്നിലൊന്ന് ഭാഗം തിരിച്ചുപിടിച്ചു എന്നാണ് ഒടുവിലത്തെ റിപ്പോർട്ട്. ശബ്‌ലി ദക്സ്, ജുബാ ദക്സ്, ജൂബാ ഹൂസ്, ഹിറാൻ, ഗാൽഗുദൂദ് തുടങ്ങിയ തെക്കൻ പ്രവിശ്യകളൊക്കെയും അവരുടെ നിയന്ത്രണത്തിലാണ്. ഗവൺമെന്റ് വിരുദ്ധ ഗോത്ര വർഗക്കാരുടെ കൈവശമാണ് സോമാലിയയുടെ 40 ശതമാനം ഭൂമി. സ്വാതന്ത്ര്യ പ്രഖ്യാപനം കാത്ത് കഴിയുന്ന സോമാലിലാന്റ് (ഇത് സോമാലിയയുടെ 25% വരും) പ്രദേശത്താകട്ടെ മൊഗാദിഷുവിലെ പാവ സർക്കാറിന് യാതൊരു നിയന്ത്രണവുമില്ല. 'അതിന്റെ അർഥം അമേരിക്കയും എത്യോപ്യയും ചേർന്ന് പ്രതിഷ്ഠിച്ച താൽക്കാലിക ഭരണകൂടത്തിന് 5 ശതമാനം ഭൂമിയിലേ നിയന്ത്രണമുള്ളൂ എന്നാണ്. അതാകട്ടെ ഏതാനും നഗരങ്ങളിൽ പരിമിതവുമാണ്.' സോമാലിയൻ രാഷ്ട്രീയ നിരീക്ഷകനായ മുഹമ്മദ് അൽ അമീൻ ശൈഖ് *ഇസ്‌ലാം ഓൺലൈൻ* നെറ്റിനോട് പറഞ്ഞു.




ഇസ്‌ലാമിക് കോർട്സിന്റെ യുദ്ധതന്ത്രങ്ങളെ എങ്ങനെ നേരിടണമെന്നറിയാതെ കുഴങ്ങുകയാണ് പാവ ഭരണകൂടവും അതിനെ സഹായിക്കുന്ന എത്യോപ്യൻ സൈന്യവും. കോർട്സിന്റെ സൈന്യം പലയിടങ്ങളിലായി വികേന്ദ്രീകരിക്കപ്പെട്ടത്

കൊണ്ട് സൈനിക നീക്കത്തിലൂടെ ഒറ്റയടിക്ക് അവരെ തോൽപിക്കാനാവില്ല. തലസ്ഥാന നഗരിയായ മൊഗാദിഷുവിൽ നാലായിരം സൈനികരെ വിന്യസിച്ചുകൊണ്ട് അതിന്റെ നിയന്ത്രണം ഏറക്കുറെ കോർട്സ് കൈക്കലാക്കിക്കഴിഞ്ഞു. ഇസ്‌ലാമിക് കോർട്സ് എന്ന മുന്നണിയിൽ പല തരക്കാരായ ഇസ്‌ലാമിക് ഗ്രൂപ്പുകൾ (ഇഖ്‌വാൻ ആഭിമുഖ്യമുള്ള അൽ ഇസ്‌ലാഹും സലഫികളായ ഇസ്‌ലാമിക് യൂനിയനുമാണ് ഇവയിൽ പ്രമുഖം) ഉണ്ടെങ്കിലും നിർണായക ഘട്ടത്തിൽ അവർ ഒറ്റക്കെട്ടായി നിൽക്കുന്നത് പാവ ഭരണകൂടത്തിന് കാര്യങ്ങൾ കൂടുതൽ ദുഷ്കരമാക്കുന്നു.

ഇത് തിരിച്ചറിഞ്ഞ് അമേരിക്ക ഈ ആഫ്രിക്കൻ മുനമ്പ് രാഷ്ട്രത്തിൽ സോമാലിലാന്റ് കേന്ദ്രീകരിച്ച് പുതിയൊരു തന്ത്രം മെനയുകയാണ്. ഒന്നര പതിറ്റാണ്ട് കാലത്തെ ആഭ്യന്തരയുദ്ധത്തിൽ ശിഥിലമായിക്കഴിഞ്ഞ സോമാലിയയിൽനിന്ന് രക്ഷപ്പെട്ട് സോമാലിലാന്റിൽ നിലയുറപ്പിക്കാനാണ് അവരുടെ നീക്കം. മൂന്നര മില്യൻ ജനങ്ങൾ താമസിക്കുന്ന സോമാലി ലാന്റ് 1991-ൽ സോമാലിയയിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചെങ്കിലും ആരും അത് അംഗീകരിച്ചിരുന്നില്ല; ആഫ്രിക്കൻ യൂനിയൻ വരെ. പേരിന് അത് ഇപ്പോഴും സോമാലിയയുടെ ഭാഗംതന്നെ. സോമാലിലാന്റിനെ എത്രയും വേഗം ഒരു സ്വതന്ത്ര രാഷ്ട്രമാക്കിയെടുക്കുക എന്നതാണ് അമേരിക്ക സ്വീകരിക്കാൻ പോകുന്ന തന്ത്രം. അങ്ങനെ വന്നാൽ മേഖലയിൽ അമേരിക്കൻ സൈന്യത്തിന് ഏൽക്കുന്ന ആളപായവും മറ്റു നഷ്ടങ്ങളും പരമാവധി കുറക്കാം. താരതമ്യേന മെച്ചപ്പെട്ട ക്രമസമാധാനം നിലനിൽക്കുന്ന സോമാലിലാന്റിൽനിന്നുകൊണ്ട് തന്നെ ഇപ്പോഴത്തെ കളികളൊക്കെ അമേരിക്കക്ക് തുടരുകയും ചെയ്യാം. ഇത് സംബന്ധമായ പ്രഖ്യാപനങ്ങൾ ഐക്യരാഷ്ട്ര സഭയുടെ ലേബലിൽ ഉടൻ പ്രതീക്ഷിക്കുക. ■

# സ്വകാര്യവത്കരിക്കപ്പെടുന്ന യുദ്ധങ്ങൾ



പുസ്തകത്തിന്റെ കവർ

**ആഗോളീകരണ** കാലത്ത് ഏറ്റവുമധികം സ്വകാര്യവത്കരിക്കപ്പെടുന്നത് ബാങ്കുകളോ വ്യവസായ-സേവന സ്ഥാപനങ്ങളോ അല്ല; യുദ്ധങ്ങളാണ്. ഇറാഖിനെ ഉദാഹരണമായെടുക്കാം. അവിടെയാണല്ലോ ഇപ്പോഴും യുദ്ധം നടക്കുന്നത്. ഒരു അമേരിക്കൻ പഠനത്തെ ആധാരമാക്കി *റോയിട്ടേഴ്സ്* പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ഇറാഖിലെ ഔദ്യോഗിക അമേരിക്കൻ സൈനികരുടെ എണ്ണം ഒന്നര ലക്ഷമാണ്. അമേരിക്കയിൽനിന്നും മറ്റുമായി ഒരു ലക്ഷത്തി മുപ്പതിനായിരം സൈനികർ വേറെയുമുണ്ട്. ഗവൺമെന്റ് കണക്കിൽ അവർ സൈനികരല്ല. വിവിധ കമ്പനികൾ വേതനം നൽകി പോറ്റുന്ന പരിശീലനം ലഭിച്ച പടയാളികൾ. പച്ചമലയാളത്തിൽ, കൂലിപ്പട.

ഇത്തരം കൂലിപ്പടകളുടെ കൈയിലാണ് ഇക്കാലത്ത് യുദ്ധങ്ങളുടെ കടിഞ്ഞാൺ. ഇവരെ റിക്രൂട്ട് ചെയ്യുന്ന നൂറിൽപരം കമ്പനികൾ ഇപ്പോൾ സജീവമായി രംഗത്തുണ്ട്. അവയുടെ ബജറ്റ് ചില രാഷ്ട്രങ്ങളുടെ ബജററിനെ തന്നെ കവച്ചുവെക്കും. ഒരു കണക്ക് പ്രകാരം അവയുടെ ബജറ്റ് തുക 200 ബില്യൻ ഡോളർ കവിയും. ഇറാഖിലെ പല നരമേധങ്ങൾക്കും നേതൃത്വം നൽകിയത് 'ബ്ലാക്ക് വാട്ടർ' എന്ന കൂലിപ്പടയായിരുന്നു.

പാശ്ചാത്യ മീഡിയയിൽ മാസങ്ങളായി കൂലിപ്പട ചൂടേറിയ ചർച്ചാ വിഷയമാണ്. സാംസ്കാരികവും സൈനികവുമായ ഈ പുതിയ അധിനിവേശ രീതിയെക്കുറിച്ച് കുവൈത്തിൽ നിന്നിറങ്ങുന്ന *അൽമുജ്തമഅ്* വാരിക കവർസ്റ്റോറി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇംഗ്ലീഷിൽ ഒന്നിലധികം പുസ്തകങ്ങളും ഈ വിഷയത്തിൽ പുറത്തിറങ്ങി. ഇതേ വിഷയംതന്നെ കൈകാര്യം ചെയ്യുന്നു അറബിയിൽ രചിക്കപ്പെട്ട 'പുതിയ കൂലിപ്പടയും യുദ്ധങ്ങളുടെ സ്വകാര്യവത്കരണവും' (*അൽ മുർതസിഖതുൽ ജുദദ് വ ഖസ്ഖസതുൽ ഹുറൂബ്*) എന്ന പുസ്തകം. കയ്റോവിലെ *അന്നാശിറൂൻ* ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഗ്രന്ഥകാരൻ രാഷ്ട്രീയ നിരീക്ഷകനായ മുഹമ്മദ് ജമാൽ അറഫ.

ഇംഗ്ലീഷ് പുസ്തകങ്ങളിൽ തമസ്കരിക്കപ്പെട്ട പലതും ജമാൽ അറഫ തന്റെ പുസ്തകത്തിൽ പുറത്തുകൊണ്ടുവരുന്നുണ്ട്. ഇതൊരു കൂലിപ്പടയുടെ മാത്രം പ്രശ്നമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കൂലിപ്പടയുടെ മറവിൽ കുരിശ് പോരാളികളുടെ പാരമ്പര്യം അവകാശപ്പെടുന്ന 'മാൽട്ടാ പോരാളികൾ' (Order of Malta) പോലുള്ള നിരവധി മിലിറ്ററി സംഘങ്ങൾ മുസ്‌ലിംലോകത്തേക്ക് നുഴഞ്ഞുകയറുന്നുണ്ട്. ദാർഫൂറിലും സോമാലിയയിലും കുഴപ്പങ്ങൾക്ക് പിന്നിൽ ഇവരുണ്ടെന്നാണ് നിഗമനം.

എന്തുകൊണ്ട് കൂലിപ്പട എന്ന ചോദ്യവും ഗ്രന്ഥകാരൻ ഉന്നയിക്കുന്നു. നിഷ്ഠുരകൃത്യങ്ങളെല്ലാം ചെയ്യാൻ കൂലിപ്പടയെ ആണ് ഏൽപിക്കുക. ഇറാഖിൽ ചെയ്തതുപോലെ. അങ്ങനെ ഭരണകൂടത്തിനും ഔദ്യോഗിക സേനക്കും നിയമനടപടികളിൽനിന്ന് സമർഥമായി രക്ഷപ്പെടാം. ഔദ്യോഗിക സൈനികരുടെ മരണക്കണക്കേ ഗവൺമെന്റ് സാധാരണ പ്രസിദ്ധപ്പെടുത്താറുള്ളൂ. കൂലിപ്പട അപ്പാടെ ചത്തൊടുങ്ങിയാൽ തന്നെ അക്കാര്യം മിണ്ടിയില്ലെങ്കിലും പ്രശ്നമില്ല. മരണക്കണക്ക് കുറച്ച് കാണിക്കാനും അങ്ങനെ ജനരോഷം ഒരു പരിധി വരെ തണുപ്പിക്കാനും ഭരണകൂടങ്ങൾക്ക് സാധിക്കുന്നു. കൂലിപ്പടയാളികളായി വരുന്നവർ പലപ്പോഴും അമേരിക്കൻ പൗരന്മാരായിരിക്കില്ല. ഗ്രീൻകാർഡ് കൈവശമുള്ളവർ മാത്രമായിരിക്കും. അവർക്കെന്ത് സംഭവിച്ചാലും ആർക്കെന്ത് ചേതം? ■

## വീഡിയോ പ്രഭാഷണങ്ങൾ

**ജമാഅത്തെ** ഇസ്‌ലാമി വെബ്സൈറ്റിൽ പ്രഭാഷണ വി.സി.ഡികൾ ഉൾപ്പെടുത്തി പുതിയ പോർട്ടൽ ആരംഭിച്ചു. ഇരുപത് മണിക്കൂർ ദൈർഘ്യമുള്ളതാണ് വീഡിയോ ലൈബ്രേറി. ലാഇലാഹ ഇല്ലല്ലാഹ് (സി.എച്ച് അബ്ദുൽ ഖാദിർ), മുഹമ്മദ് റസൂലുല്ലാ (സി.എച്ച്), ദൈവസാമീപ്യം (കെ.എൻ അബ്ദുല്ല മൗലവി), തൗഹീദും ശിർക്കും (ടി.കെ അബ്ദുല്ല), സ്വർഗ കവാടങ്ങൾ തുറക്കപ്പെടുമ്പോൾ (വി.പി ശൗക്കത്തലി), ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ (ഡോ. അബ്ദുസ്സലാം വാണിയമ്പലം), ആസൂത്രണം കുടുംബജീവിതത്തിൽ (റഹ്മത്തുന്നിസ), ജമാഅത്തെ ഇസ്‌ലാമി ലക്ഷ്യം മാർഗം, ഇസ്‌ലാമിക പ്രസ്ഥാനം പുതിയ സാഹചര്യത്തിൽ (ടി. ആരിഫലി), ജമാഅത്തെ ഇസ്‌ലാമി നയവും നയംമാറ്റവും (ശൈഖ് മുഹമ്മദ് കാരകുന്ന്), മതവും മനുഷ്യനും (ജി.കെ എടത്തനാട്ടുകര) തുടങ്ങിയ ശ്രദ്ധേയമായ പ്രഭാഷണങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. സോളിഡാരിറ്റി കരിപ്പൂരിൽ നടത്തിയ മാർച്ചിന്റെയും പൊതുയോഗത്തിന്റെയും സമ്പൂർണ വി.സി.ഡിയും സൈറ്റിൽ ലഭ്യമാണ്. ഗാലറിയിൽ/ഓഡിയോ -വീഡിയോ സെഷൻ സന്ദർശിക്കുക.

jihkerala.org